TB Movie Panel Weekly Review

**#moviepanel**

# നവരസ ആന്തോളജി സീരീസ് 2021

Written By: Sajan Ramanandan

ഒമ്പത് എപ്പിസോഡ് ഉള്ള തമിഴ് സീരീസ് ആണ് നവരസ.

പ്രത്യേകിച്ച് ഒരു ഓർഡറിൽ അല്ല കണ്ടത്. A R റഹ്മാന്റെ മ്യൂസിക്കൽ സ്കോർ ഉള്ളത് കൊണ്ട് ആദ്യം കണ്ടത് രൗദ്രം. അരവിന്ദ് സ്വാമിയുടെ സംവിധായക അരങ്ങേറ്റം. ബിജിഎം ഇഷ്ടമായി, കഥ predictable ആണെന്ന് തോന്നി എന്നാലും ചെറുതായെങ്കിലും ഒരു craft ഉണ്ടെന്ന് ചില വഴി തെറ്റിച്ചു വിടലുകൾ കൊണ്ട് ബോധ്യപ്പെടുത്തി.സന്തോഷ് ശിവന്റെ visuals, ശ്രീ റാം, അഴഗം പെരുമാൾ, അഭിനയ, ഋത്വിക, ഗീത കൈലാസം എന്നിവരുടെ അഭിനയം നല്ല വശം. ശ്രീജിത്ത് സാരങ് ആണ് എഡിറ്റിങ്.

രണ്ടാമത് കണ്ടത് പായസം. വസന്ത് സായിയുടെ തിരക്കഥ, സംവിധാനം. ഡൽഹി ഗണേഷ്, അഥിതി, രോഹിണി തുടങ്ങി ഒരുപാട് കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന പഴയ കാലഘട്ടത്തിൽ നടക്കുന്ന തരത്തിൽ ഉള്ള കഥ. ഭീഭത്സം/ വൈരാഗ്യം എന്നതാണ് ഇതിൽ കടന്ന് വരുന്നത്. ജസ്റ്റിൻ പ്രഭാകരന്റെ സംഗീതം, സത്യൻ സൂര്യൻ ചെയ്ത ഛായാഗ്രഹണം, പ്രൊഡക്ഷൻ ഡിസൈൻ, ആർട്ട് എന്നിവ മേന്മ. എഡിറ്റിംഗ് സംഗതമിഴൻ. സുധാ രഘുനാഥൻ പാടിയ കണ്ണൂഞ്ചൽ എന്ന പാട്ട് മനസ്സിൽ ഇടം പിടിയ്ക്കും. ഉമാ ദേവിയാണ് വരികൾ.

കാർത്തിക്ക് നരേൻ എഴുതി സംവിധാനം ചെയ്ത പ്രൊജക്റ്റ് അഗ്നി എന്ന സയൻസ് ഫിക്ഷൻ അടുത്തതായി കണ്ടു. അത്ഭുതം എന്നതാണ് ഇവിടെ വിഷയം. അരവിന്ദ് സ്വാമി, പ്രസന്ന ആണ് പ്രധാന താരങ്ങൾ. കാഴ്ചയിലൂടെ കഥ പറയുന്നതിനേക്കാൾ,കുറച്ചു explanation കൂടുതൽ വരുന്ന രീതിയിൽ ആണ് പോകുന്നതെങ്കിലും മൊത്തത്തിൽ പ്രൊഡക്ഷൻ ഡിസൈൻ വളരെ മികച്ചത്. സുജിത് സാരങ് ആണ് ക്യാമറ, ശ്രീജിത്ത് സാരങ് എഡിറ്റിങ്. റോൺ ഈതൻ യോഹൻ ചെയ്ത പശ്ചാത്തല സംഗീതം സിനിമയുടെ tempo നിലനിറുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

സീരീസിന്റെ നിർമ്മാതാക്കളിൽ ഒരാളായ സംവിധായകൻ മണി രത്നത്തിന്റെ കഥയ്ക്ക് ശിഷ്യൻ ബിജോയ് നമ്പ്യാർ തിരക്കഥ എഴുതി സംവിധാനം ചെയ്ത എപ്പിസോഡ് ആണ് എതിരി. കരുണാ രസം ആണ് ഇവിടെ കൈകാര്യം ചെയ്തിരിക്കുന്നത്. അർപ്പിത ചാറ്റർജിയും തിരക്കഥയിൽ പങ്കാളി ആയിരുന്നു. രേവതി, പ്രകാശ് രാജ്, വിജയ് സേതുപതി, അശോക് സെൽവൻ, സായി തമാങ്കർ തുടങ്ങിയവർ

അഭിനേതാക്കളായ എപ്പിസോഡിന് സംഗീതം ഗോവിന്ദ് വസന്ത. യാദോ എന്ന ചിൻമയി പാടിയ പാട്ടും പശ്ചാത്തല സംഗീതവും മനോഹരം. യാദോ എഴുതിയത് മദൻ കാർക്കി. ഹർഷ് വീർ ഓബ്റോയ് ഛായാഗ്രഹണം, വീണ ജയപ്രകാശ് എഡിറ്റിങ്.

രതീന്ദ്രൻ ആർ പ്രസാദ് സംവിധാനം ചെയ്ത ഇൻമൈ എന്ന എപ്പിസോഡിൽ ഭയം എന്ന രസം ആണ് വിഷയം. സിദ്ധാർഥ്, പാർവതി തിരുവോത്ത്, അമ്മു അഭിരാമി, പാവേൽ നവഗീതൻ, രാജേഷ് ബാലചന്ദ്രൻ, ഷെയ്യൂർ റൂസെബൽറ്റ് തുടങ്ങിയവർ അഭിനേതാക്കൾ. നല്ലൊരു ആശയം ആയിരുന്നു ഈ എപ്പിസോഡിന്റേത്, എന്നാൽ ഭയം എന്ന വികാരം കഥാപാത്രം അനുഭവിച്ചത്ര കാണികളിൽ ഉണ്ടാക്കാൻ കഴിഞ്ഞോ എന്നത് ഒരു സംശയം ആണ്. കൂടുതലും യാഥാർഥ്യം, സങ്കൽപ്പം എന്നിവയുടെ വരമ്പിലൂടെ പോകുന്ന കഥ ക്ലൈമാക്സ് വരെ മുന്നോട്ടും പിന്നോട്ടും പോയി അവസാനം വരെ താല്പര്യം നിലനിറുത്തുന്ന രീതിയിൽ പോകുന്നുണ്ട്. ഒരു ലേഡി മാക്ബത്ത് നിഴലുള്ള കഥാപരിസരം എന്നും തോന്നിപ്പിച്ചു. പോണ്ടിച്ചേരി ആണ് ഇൻമൈ യുടെ ലൊക്കേഷൻ. വിശാൽ ഭരധ്വാജ് സംഗീതം, വിരാജ് സിംഗ് ക്യാമറ, ശ്രീകർ പ്രസാദ് എഡിറ്റിങ്.

സർജുൻ എഴുതി സംവിധാനം ചെയ്തു വീര രസം കൈകാര്യം ചെയ്ത തുനിന്ത പിൻ എന്ന എപ്പിസോഡിൽ അഥർവ, കിഷോർ, അഞ്ജലി, അഴഗം പെരുമാൾ തുടങ്ങിയവർ അഭിനയിച്ചിരിക്കുന്നു. പട്ടാളം, നക്സൽ കോൺഫ്ലിക്ട് വരുന്ന എപ്പിസോഡ് തീർത്തും നിരാശപ്പെടുത്തി. സുന്ദരമൂർത്തി സംഗീതം, സുദർശൻ ശ്രീനിവാസൻ ക്യാമറ, കാർത്തിക്ക് ജോഗേഷ് എഡിറ്റിങ്. എന്താണ് പറയാൻ ശ്രമിച്ചതെന്ന് തീർച്ചയില്ലാത്ത, തുടക്കവും അവസാനവും ഇല്ലാത്ത രാവൺ (തമിഴിൽ രാവണൻ) സിനിമയുടെ വകഭേതം എന്ന് തോന്നിയ ഒരനാവശ്യ എപ്പിസോഡ്.

കാർത്തിക് സുബ്ബരാജ് എഴുതി സംവിധാനം ചെയ്തു ബോബി സിംഹ, ഗൗതം വാസുദേവ് മേനോൻ, സാനന്ത്, മാസ്റ്റർ തരുൺ എന്നിവർ അഭിനയിച്ച പീസ്, ശാന്തം എന്ന രസം കൈകാര്യം ചെയ്യുന്നു. ശ്രീലങ്ക ആണ് കഥാപരിസരം. സന്തോഷ് നാരായണൻ ആണ് സംഗീതം. ക്യാമറ ശ്രേയസ് കൃഷ്ണ, എഡിറ്റിങ് വിവേക് ഹർഷൻ. വൈകാരികമായി ഒരു ഉണർവ്, ഒരു തിക്കുമുട്ടൽ തന്ന ശേഷം അനാവശ്യമായി കുറച്ചു നീട്ടി ആ വൈകാരികത നശിപ്പിച്ചെന്ന് തോന്നിപ്പിച്ചു, rhetorical ആയ എപ്പിസോഡ് അന്ത്യം.

Summer of 92. പ്രിയദർശൻ എഴുതി സംവിധാനം ചെയ്ത എപ്പിസോഡ്. മലയാളം സീരീസ് എടുത്തു ഡബ്ബ് ചെയ്തതാണോ എന്ന് ഇടയ്ക്ക് സംശയിക്കുന്ന രീതിയിൽ കുറേയധികം മലയാളം അഭിനേതാക്കൾ ഇതിൽ വന്നു പോകുന്നുണ്ട്. നെടുമുടി വേണു, മണിക്കുട്ടൻ, രമ്യ നമ്പീശൻ തുടങ്ങിയവരുടെ ഡബ്ബിങ് ശബ്ദങ്ങൾ അവർക്ക് ചേരുന്നതായി തോന്നിയില്ല. യോഗി ബാബു ആണ് നായകൻ. ശക്തിവേൽ അയാളുടെ

ചെറുപ്പകാലം അവതരിപ്പിച്ചു. വളരെ മോശം കോമഡി ഉള്ള ഹാസ്യരസം എന്ന പേരിൽ ചെയ്ത എപ്പിസോഡ്. കണ്ടും കേട്ടും മടുത്ത, dated ആയ ഒരു സംഗതി. രാജേഷ് മുരുഗേശൻ ആണ് സംഗീതം. വി ബാബു ഛായാഗ്രഹണം, റൂബൻ എഡിറ്റിങ്.

ഗിറ്റാർ കമ്പി മേലെ നിന്ദ്ര്. GVM മ്യൂസിക്കൽ ലൗ സ്റ്റോറി. സീരീസ് ഏറ്റവും കൂടുതൽ മാർക്കറ്റ് ചെയ്യപ്പെട്ടത് ഈ ഒരു എപ്പിസോഡിന്റെ പേരിൽ ആയിരുന്നു. വാരണം ആയിരം എന്ന സിനിമയ്ക്ക് ശേഷം സൂര്യയും ഗൗതം വാസുദേവ് മേനോനും വീണ്ടും ഒന്നിക്കുന്ന സീരീസിലെ ഏറ്റവും ദൈർഘ്യം ഏറിയ എപ്പിസോഡ്. തൂരിഗ എന്ന ആദ്യ ഗാനം ഇറങ്ങി നേരേ ഹിറ്റ് ചാർട്ടിൽ ഇടം പിടിച്ചിരുന്നു. പിന്നാലെ അലൈ അലൈയാക, നാനും, അതിരുദ തുടങ്ങിയ പാട്ടുകളും പ്രേക്ഷകപ്രീതി നേടി. മദൻ കാർക്കി എഴുതി കാർത്തിക്ക് ആണ് സംഗീതവും ആലാപനവും. ഈ പാട്ടുകളുടെ ഇംഗ്ലീഷ് വേർഷൻ ഉൾപ്പടെ ഏതാനും പാട്ടുകൾ കൂടി ഈ എപ്പിസോഡിൽ ഉണ്ട്. സൂര്യ, പ്രയാഗ മാർട്ടിൻ ആണ് പ്രധാന അഭിനേതാക്കൾ. പിസി ശ്രീറാം ആണ് ഛായാഗ്രാഹകൻ, ആന്തണി എഡിറ്റിങ്. ശൃങ്കാരം ആണ് GVM കൈകാര്യം ചെയ്യാൻ ശ്രമിച്ചത്, പക്ഷേ എന്ത് കൊണ്ടോ പ്രേക്ഷകനെ അനുരാഗം എന്ന അനുഭൂതിയിലേയ്ക്ക് കൂട്ടിക്കൊണ്ട് പോകാൻ കഴിയാതെ പോകുന്നു അദ്ദേഹത്തിന്. ഒരു intimate flirting എന്നതിനപ്പുറം ആഴം കമൽ നേത്ര ജോഡികൾക്ക് കൈവരിക്കാൻ കഴിയാതെ പോയത് പോലെ അനുഭവപ്പെട്ടു. സംഗീതം മനോഹരം ആണെങ്കിലും ഡയലോഗ്, അഭിനയം എന്നിവയിൽ ഒരു ഓർഗാനിക് ഫീലിംഗ് കൊണ്ട് വരാൻ സാധിക്കാതെ പോയി. പ്രയാഗ കാണാൻ രസമുണ്ടെങ്കിലും ശരീരഭാഷ കൊണ്ടും ഡയലോഗ് ഡെലിവറി കൊണ്ടും ഒതുക്കമില്ലാത്ത എക്സ്പ്രഷൻസ് കൊണ്ടും നിരാശപ്പെടുത്തി. തമിഴിലെ മുൻനിര നായകന്മാരിൽ ഒരാൾക്കൊപ്പം കിട്ടിയ അവസരം മുതലെടുക്കാൻ അവർക്ക് സാധിച്ചില്ലെന്ന് പറയേണ്ടി വരും. സൂര്യയ്ക്കും കാര്യമായി ഒന്നും ചെയ്യാനില്ലാത്ത റോളായിരുന്നു, പ്രായം കുറവുള്ള എന്ന രീതിയിൽ കാണിക്കുന്ന രംഗങ്ങളിൽ സൂര്യയുടെ ശരീരഭാഷയും മുഖവും അതിനൊത്തു വന്നതായി തോന്നിയില്ല. സ്ഥിരം GVM ശൈലിയിൽ പിന്നോട്ട് ഫ്ലാഷ്ബാക്കിൽ വോയിസ്ഓവർ ഉൾപ്പടെയുള്ള കഥപറച്ചിൽ ആണ് ഇതിലും. ഗ്രാമി അവാർഡ് നോമിനേഷൻ നേടിയ സംഗീതജ്ഞൻ അയാളുടെ പാട്ടുകളുടെ ഇൻസ്പിറേഷനെ കുറിച്ച് സംസാരിക്കുന്നതാണ് ഇതിവൃത്തം. Vintage GVM മോഡലിൽ ആദ്യ കാഴ്ചയിലെ പ്രണയം (ഇവിടെ ആദ്യ കൂടിക്കാഴ്ച) അമ്മയുടെ പോലെ തന്നെ ചിന്തയുള്ള പെണ്ണിനോടുള്ള അട്രാക്ഷൻ, formals/ semi casuals സ്റ്റൈലിങ്, GVM ഉരിയാടൽ ശൈലിയിൽ ഉള്ള നീണ്ട നായകൻ നായിക ഡയലോഗ് പരിപാടി, ഗിറ്റാർ, ബൈക്ക് തുടങ്ങി checklist പക്കാ ആണ്. ഒരുപക്ഷേ മറ്റ് എപ്പിസോഡുകൾ പോലെ അരമണിക്കൂറിൽ ഒതുക്കിയിരുന്നെങ്കിൽ കുറേക്കൂടി നല്ല അനുഭവം ആയിരുന്നേനെ.

കൊറോണക്കാലത്തു തമിഴ് സിനിമ ആന്തോളജി, സീരീസ്

മേഖലയിലേയ്ക്ക് തിരിഞ്ഞപ്പോൾ പുത്തം പുതു കാലൈ, പാവൈ കഥൈകൾ തുടങ്ങി മികച്ച ഏതാനും പ്രൊജക്റ്റ് നമുക്ക് ലഭിച്ചു. നവരസ അത്തരത്തിൽ വിലയിരുത്തിയാൽ നിരാശയാണ് കൂടുതലും സമ്മാനിക്കുന്നത്. എന്നാൽ കൊറോണ മൂലം ജീവനോപാധി മുടങ്ങിയ സിനിമാതൊഴിലാളികൾക്ക് വരുമാനം ഉണ്ടാക്കാൻ എന്ന രീതിയിൽ ആണ് ഈ സീരീസ് മണി രത്നം, ജയേന്ദ്ര പഞ്ചപാകേശൻ എന്നിവരുടെ നേതൃത്വത്തിൽ വിഭാവനം ചെയ്തത്. സീരീസിന്റെ തീം മ്യൂസിക് ചെയ്തിരിക്കുന്നത് A R Rahman ആണ്. ഓഗസ്റ്റ് 6 ന് നെറ്റ്ഫ്ലിക്സിലൂടെ സീരീസ് റിലീസ് ചെയ്തു.